LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്പോർട്ട് ജീവനക്കാരുടെ ബോണസ്സ്

* ൧൦൫൯. (൯൫) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ ജോലിക്കാർക്ക് ൧൯൫൦ ആഗസ്റ്റ്മാസത്തിൽ കൊടുത്ത ബോണസ്സ് ഏതുകൊല്ലത്തേതാണെന്നും, അതു് ആകെ വരുമാനത്തിൻെറ എത്ര ശതമാനമാണെന്നും പറയുമോ;

(ബി) ടി ഡിപ്പാർട്ടുമെൻറിലെ വരുമാനം തിട്ടപ്പെടുത്തുന്നതിനു് ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നോ; നിയമിച്ചിരുന്നെങ്കിൽ ആ ഉദ്യോഗസ്ഥൻ ആരാണെന്നു പറയുമോ?

പൊതുമരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസു്):

(എ) കൊല്ലവർഷം ൧൧൨൫-ാമാണ്ടത്തെ ബോണസ്സാണു് ൧൯൫൦ ആഗസ്റ്റ്മാസത്തിൽ കൊടുത്തതു്. അതു് ആകെ വരുമാനത്തിൻെറ ൨.൭ ശതമാനമാണു്. ആദായത്തിൻെറ ൭.൪ ശതമാനവുമാണു്.

(ബി) ഇല്ല.

ഓണത്തിനു ശരിയായി റേഷൻ വിതരണം നടത്താതിരുന്നതു്

* ൧൦൫൦. (൧൦൬) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഓണത്തിനു ശരിയായി റേഷൻ വിതരണം നടത്താൻ സാധിക്കാതിരുന്നതിനു് ഉത്തരവാദി ആരാണു്; കാരണമെന്തു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഓണത്തിനു ശരിയായിട്ടു റേഷൻ കൊടുത്തിട്ടുള്ളതായിട്ടാണു് അറിവുകിട്ടിയിരിക്കുന്നതു്.

ഫിഫ്ത്തു് ക്ലാസു്

* ൧൦൫൧. (൧൦൭) ശ്രീ. ടി. എം. സന്നാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചിൻ ഡിവിഷനിൽ ഈ വിദ്യാഭ്യാസവർഷത്തിൽ എത്ര ഫിഫ്ത്തു് ക്ലാസു് ആരംഭിച്ചിട്ടുണ്ടു്;

(ബി) ഏതെങ്കിലും സ്കൂളിൽ ഫിഫ്ത്തു് ക്ലാസിനു ഗ്രാൻറനുവദിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പ്രിപ്പാരേറ്ററി ക്ലാസുകൾ അഞ്ചാംക്ലാസുകളായി രൂപാന്തരപ്പെടുത്തിയതുമൂലം ഇക്കൊല്ലം ൫൫ ക്ലാസുകൾ തുടങ്ങുവാൻ അനുവദിച്ചിട്ടുണ്ടു്. (ആകെ എത്ര ക്ലാസുകൾ തുടങ്ങിയിട്ടുണ്ടെന്നുള്ള വിവരം ശേഖരിച്ചുവരുന്നു).

(ബി) ൧൧൨൯-നുമുമ്പു് ഗ്രാൻറുണ്ടായിരുന്ന പ്രിപ്പാരേറ്ററി ക്ലാസുകൾക്കു് അവ അഞ്ചാംക്ലാസായി മാറിയതിനുശേഷവും ഗ്രാൻറു നൽകുന്നുണ്ടു്. മറ്റു അഞ്ചാംക്ലാസുകൾക്കു ഗ്രാൻറു കൊടുക്കുന്നകാര്യം ഗവൺമെണ്ടിൻെറ ആലോചനയിലിരിക്കുകയാണു്.